**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6010** **09-07-2024 - ൽ മറുപടിയ്ക്ക്**

**എം. എസ്. എം. ഇ. നിയമ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ നടപ്പ് വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച എം. എസ്. എം. ഇ. നിയമ ഭേദഗതി ചെറുകിട വസ്ത്ര വ്യാപാര രംഗത്തെ ദോഷകരമായി ബാധിക്കും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ രീതിയിലാണ് പ്രസ്തുത മേഖലയെ ഇത് ബാധിക്കുകയെന്ന് വ്യക്തമാക്കുമോ; | (എ) | ആദായ നികുതി നിയമത്തിൽ പുതിയതായ<br>ഉൾപ്പെടുത്തിയ 43 B (h) പ്രകാരം ഒര<br>MSME സ്ഥാപനത്തിൽ നിന്നും വാങ്ങുന<br>സാധനങ്ങൾ/ സേവനങ്ങൾ എന്നിവയ്ക്ക<br>പരമാവധി 15 ദിവസങ്ങൾക്കുള്ളിൽ ബില്ലിന<br>അനുസരിച്ചുള്ള തുക നല്കണമെന്നും<br>ഏതെങ്കിലും തരത്തിലുള്ള കരാർ ഉള്ള പക്ഷ<br>45 ദിവസം വരെ ആകാമെന്നും ആണ<br>വിഭാവനം ചെയ്യുന്നത്. ഇതുമൂലം സംരംഭകർക്ക<br>വളരെ വേഗം തുക ലഭിക്കുകയും അങ്ങനെ<br>അവരുടെ വായ്പയുടെ ഭാരം കുറയ്ക്കുകയു<br>ചെയ്യുക, കൂടുതൽ പ്രവർത്തന മൂലധന<br>കൈയിൽ ഉണ്ടായിരിക്കുക എന്നിങ്ങനെ ഉള്ള<br>ഉദ്ദേശം ഉണ്ടായിരുന്നു. ഈ അർത്ഥത്തിൽ<br>നിർദേശം സ്വാഗതാർഹവുമായിരുന്നു<br>എന്നാൽ വിറ്റുവരവിന<br>കാലദൈർഘ്യമുണ്ടാകുന്ന Textile<br>Garments, റബ്ബർ, പ്ലാസ്റ്റിക് തുടങ്ങിയവയുടെ<br>വില്പനയിൽ ടി നിർദേശം തടസ്സം സൃഷ്ടിക്കാൻ<br>കാരണമാകുന്നു. തന്മൂലം എല്ലാവരിൽ നിന്നു<br>45 ദിവസം വരെയുള്ള<br>കാലയളവിലേക്കായുള്ള കരാറിൽ<br>ഏർപ്പെടാൻ നിർബന്ധിതമാകും അല്ലാത്ത<br>പക്ഷം സംരംഭകർ അവരുടെ MSME എന്ന<br>അംഗീകാരം ഉപേക്ഷിക്കാനു<br>നിർബന്ധിതമാകും. ഈ ചട്ടങ്ങളിൽ ഭേദഗതി<br>വരുത്താൻ കേന്ദ്ര സർക്കാരിന് മാത്രമേ<br>സാധ്യമാകൂ. |
| (ബി) | ഇക്കാര്യത്തിൽ ചെറുകിട വസ്ത്ര വ്യാപാരികളുടെ ആശങ്കകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ എം.എസ്.എം.ഇ സ്ഥാപനങ്ങളിൽ നിന്നും ഉല്പന്നം വാങ്ങിയാൽ 15 ദിവസതിനുള്ളിലോ പ്രത്യേക കരാർ ഉണ്ടെങ്കിൽ 45 |

| | | | |
|---|---|---|---|
| | വിശദാംശം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ കേന്ദ്രസർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | | ദിവസത്തിനുള്ളിലോ പേമെന്റ് കൊടുത്തു തീർക്കുന്നതിനുള്ള നിർദ്ദേശം ഉണ്ട്. ഇപ്രകാരം എം.എസ്.എം.ഇ ക്ക് പണം നല്കാനുണ്ടെങ്കിൽ പ്രസ്തുത തുക ഉല്പ്പന്നം വാങ്ങിയ ആളുടെ വരുമാനമായി കണക്കാക്കി ഇൻകം ടാക്സ് ബാധകമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ വസ്ത്ര വ്യാപാരികളും എം.എസ്.എം.ഇ. സ്ഥാപനങ്ങളും നേരിടുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് 12/02/2024 ന് കേരളാ ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ് ഡീലേഴ്സ് അസോസിയേഷൻ നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ